പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6771 — 1.11.2011-ൽ മറുപടിക്ക്.

## മ്യൂസിയങ്ങളിലുള്ള ആർട്ട് ഗ്യാലറികൾ നവീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.റ്റി. ജോർജ് | കുമാരി പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) മ്യൂസിയങ്ങളിലുള്ള ആർട്ട് ഗ്യാലറികൾ നവീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) തിരുവനന്തപുരം ശ്രീ ചിത്രാ ആർട്ട് ഗ്യാലറിയുടെ നവീകരണത്തിനു 54 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി പുരാവസ്തുവകുപ്പിനെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ആർട്ട് ഗ്യാലറി കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ നവീകരണത്തിനും പുതിയ കെട്ടിടം പണിയുന്നതിനുമായി 8 കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കും ധന സഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള ഗ്യാലറികൾ പുതുക്കി ആധുനിക ഡിസ്പ്ളേ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി) ഇത് സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കുമോ? | (ബി) & (സി) നവീകരണം പൂർത്തിയാക്കുന്ന മുറയ്ക്കും പുതിയ കെട്ടിടം സജ്ജമാക്കുന്നമുറയ്ക്കും ഡിസ്പ്ളേ ലൈറ്റുകളുടെ ആധുനിക വൽക്കരണവും നടപ്പിലാക്കുന്നതാണ്. തിരുവനന്തപുരത്തുള്ള കെ.സി.എസ്. പണിക്കർ ഗ്യാലറിയുടെ നവീകരണ പ്രവർത്തനം പുരോഗമിച്ച് വരുന്നു. 34,32,942 രൂപ ചെലവിൽ എയർകണ്ടീഷനിംഗ്, വുഡൻ പാനലിംഗ് തുടങ്ങിയ ജോലികൾ നടന്നുവരികയാണ്. ആധുനിക വെളിച്ച വിധാനത്തോടുകൂടിയും ഡിസ്പ്ളേയോടുകൂടിയും ഗ്യാലറി തുറന്ന് പ്രദർശനയോഗ്യമാക്കാനായി ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ.